(ബി) പുതുതായി 100 സ്കൂളുകളിൽ രണ്ട് വീതം 200 കോഴ്സുകളും നിലവിലുള്ള വൊക്കേഷണൽ സ്കൂളുകളിൽ പുതിയ 200 കോഴ്സുകളും ആരംഭിക്കുന്നതിന് കേന്ദ്രസഹായം തേടിയിട്ടുണ്ട്.

(സി) സംസ്ഥാന ആസൂത്രണ ബോർഡുമായി സഹകരിച്ച് ഒരു വൊക്കേഷണൽ സർവ്വേ നടത്തിയിട്ടുണ്ട്.

(ഡി) കേന്ദ്ര സഹായം ലഭിച്ചുകഴിഞ്ഞാൽ മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

പന്തളം പയ്യനല്ലൂർ ഗവൺമെന്റ് ഹൈസ്ക്കൂൾ, തണ്ടാനവിള ഗവൺമെന്റ് ഹൈസ്ക്കൂൾ എന്നിവിടങ്ങളിൽ വി. എച്ച്. എസ്. ഇ., പ്ലസ്ടു കോഴ്സുകൾ

58 [1419] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം നിയോജകമണ്ഡലത്തിലെ പയ്യനല്ലൂർ ഗവൺമെന്റ് ഹൈസ്ക്കൂൾ, തണ്ടാനവിള ഗവൺമെന്റ് ഹൈസ്ക്കൂൾ, എന്നിവിടങ്ങളിൽ വി. എച്ച്. എസ്. ഇ., പ്ലസ്ടു കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) പുതുതായി വി. എച്ച്. എസ്. ഇ., പ്ലസ്ടു കോഴ്സുകൾ അനുവദിക്കുമ്പോൾ അവിടെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ സംവിധാനങ്ങൾ കൂടി ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ സ്കൂളുകളെയായിരിക്കും പുതിയ വി. എച്ച്. എസ്. ഇ., പ്ലസ്ടു കോഴ്സുകൾ അനുവദിക്കുന്നതിന് പരിഗണിക്കുക.

ഹയർ സെക്കന്ററി അദ്ധ്യാപിക ശ്രീമതി ആനി മാത്യുവിന്റെ പരാതി

60 [1420] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഗവൺമെന്റ് ബധിര വിദ്യാലയത്തിലെ ഹയർ സെക്കന്ററി അധ്യാപിക ശ്രീമതി ആനിമാത്യു ജീവനക്കാരുടെ പൊതുപണിമുടക്കുമായി ബന്ധപ്പെട്ട് ചില അധ്യാപകർ തന്നെ ഉപദ്രവിച്ചതായി വിദ്യാഭ്യാസ മന്ത്രിക്കും വിവിധ അധികാരികൾക്കും നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പരാതിയെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) അന്വേഷണം നടത്തിയ അധികാരികൾ ആരെല്ലാമായിരുന്നു;

(ഡി) അന്വേഷണം സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത റിപ്പോർട്ടിൽ സഹാദ്ധ്യാപകർ കുറ്റക്കാരാണെന്ന കണ്ടെത്തിയിട്ടുണ്ടോ;

(എഫ്) പ്രസ്തുത റിപ്പോർട്ടുകളിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ എന്തൊക്കെയാണ്;

(ജി) ഇതു സംബന്ധിച്ച് എന്തു നടപടികൾ ഇതുവരെ സ്വീകരിച്ചു ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറും പൊതുവിദ്യാഭ്യാസ ഡയറക്ടറും ശ്രീമതി ആനി മാത്യുവിന്റെ പരാതിയിൻമേൽ അന്വേഷണം നടത്ത് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഇല്ല.

(എഫ്) 2002 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ നടന്ന സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പണിമുടക്കുമായി ബന്ധപ്പെട്ട് പണിമുടക്കിൽ പങ്കെടുക്കാതെ ജോലിക്ക് ഹാജരായ ശ്രീമതി ആനി മാത്യുവിനെ ഡ്യൂട്ടി ചെയ്യുന്നതിൽ നിന്നും ഏതാനും പേർ ചേർന്ന് തടയുകയും സ്കൂൾ ഗേറ്റിന് വെളിയിലേക്ക് വലിച്ചിഴച്ചു കൊണ്ടു പോവുകയും ദേഹത്ത് നായ്ക്കരണപ്പൊടി വിതറുകയും ചെയ്തതായി തെളിഞ്ഞിട്ടുണ്ട്. എന്നാൽ ഇത് പണിമുടക്കുമായി ബന്ധപ്പെട്ടുണ്ടാവുന്ന സ്വാഭാവികമായ ഒരു പ്രതികരണം മാത്രമാണെന്ന് അന്വേഷണ ഉദ്യോഗസ്ഥർ വിലയിരുത്തുന്നു. കൂടാതെ ശ്രീമതി ആനിമാത്യു സ്കൂൾ അധികൃതർക്കെതിരെയും സഹാധ്യാപകർക്കെതിരെയും നിരന്തരമായി പരാതി അയയ്ക്കുന്ന സ്വഭാവക്കാരിയാണെന്നും താൻ ചെയ്ത തെറ്റുകൾ അംഗീകരിക്കാതെ അവ ശരിയാണെന്നു സമർപ്പിക്കുന്നതിന് ഒരു അധ്യാപികയെന്ന സ്ഥാനം നോക്കാതെ വളരെ തരംതാണ രീതിയിൽ പലപ്പോഴും പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ പി. ടി. എ. പ്രസിഡന്റ് ശ്രീ. മൊയ്തീൻ

LIBRARY ARCHIVES Kerala Legislative Assembly

സ്കൂളിന്റെ ഭരണ കാര്യങ്ങളിൽ അനാവശ്യമായി ഇടപെടുന്നു എന്നും ഇത് ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പാളിന്റെ ഒത്താശയോടെയോ അല്ലാത്ത പക്ഷം അവരുടെ കഴിവില്ലായ്മ മൂലമോ ആകാമെന്നും ഈ കാര്യത്തിൽ ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പാളിന് കർശന നിർദ്ദേശം നൽകണമെന്നും ശ്രീമതി ആനിമാത്യുവിനെതിരെ സർക്കാർ ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്.

(ഇ) റിപ്പോർട്ടിലെ ശുപാർശകൾ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

കായംകുളം പുതിയവിള യു. പി. സ്കൂളിലെ അദ്ധ്യാപികയായ ശ്രീമതി അംബികാദേവിയുടെ എം. ആർ. ഐ. ബില്ലുകൾ മാറിക്കൊടുക്കാത്ത പരാതി

61 [1421] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം പുതിയവിള യു. പി. സ്കൂളിലെ അദ്ധ്യാപികയായ ശ്രീമതി അംബികാദേവിയുടെ എം. ആർ. ഐ. ബില്ലുകൾ മാറിക്കൊടുക്കാതെ മാനസികമായി പീഡിപ്പിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ശ്രീമതി അംബികാദേവിയുടെ ഭർത്താവ് ശ്രീ. രവികുമാറിന്റെ വൃക്ക ട്രാൻസ്പ്ലാന്റ് ചെയ്തതു മൂലം ജീവൻ നിലനിർത്താൻ കഴിക്കുന്ന ജീവൻ രക്ഷാ ഔഷധങ്ങളുടെ മെഡിക്കൽ ക്ലെയിം യാതൊരു തടസ്സവും കൂടാതെ മാറിക്കൊടുക്കണമെന്ന് ബഹുമാനപ്പെട്ട കേരള ലോകായുക്ത വിധിച്ചിട്ടും ഇവരുടെ എം. ആർ. ഐ. ക്ലെയിമുകൾ വച്ചു താമസിപ്പിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ശ്രീമതി അംബികാദേവിയുടെ മാറ്റിവച്ചിരിക്കുന്ന മൂന്ന് എം. ആർ. ഐ. ക്ലെയിമുകളും മാറികിട്ടുന്നതിനും ഇവ തടഞ്ഞ് വച്ചിരിക്കുന്നവർക്കെതിരെ മാതൃകാപരമായ ശിക്ഷണനടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പ്രശ്നത്തിൽ കുറ്റക്കാർക്കെതിരെ വിജിലൻസ് അന്വേഷണം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) അനധികൃതമായി ബില്ലുകൾ ഒന്നും വച്ച് താമസിപ്പിച്ചിട്ടില്ല. ലോകായുക്ത വിധിയുടെ അടിസ്ഥാനത്തിൽ 7/03-ൽ 54,044 രൂപയുടെയും 8/03-ൽ 1,15,370 രൂപയുടെ ബില്ലുകൾ മാറി നൽകിയിട്ടുണ്ട്.